VIMAL JYOTHI
ENGINEERING COLLEGE
JYOTHI NAGAR, CHEMPERI – 670632, KANNUR, KERALA
Affiliated to APJ Abdul Kalam Technological University
Approved by AICTE ◆ ISO 9001:2015 Certified
Accredited by Institution of Engineers (India), NBA, NAAC

NATIONAL BOARD OF ACCREDITATION
NBA: B.Tech CE,CSE, EEE & ME

NAAC ACCREDITED

Ref: VJEC/ Institutional Scholarship/02/24 Date:25.01.2024

## Institutional Scholarship 2021-22

A total of 379 students have been approved for the merit scholarship for the Academic year 2021-2022, with a total amount of Rs.35,853,607.00 allocated.

Manager
Fr. JAMES CHELLAMKOTTU
MANAGER
VIMAL JYOTHI ENGINEERING COLLEGE
CHEMPERI- 670632
KANNUR DIST.

Encl: Students List and Audit Statement

Signature Not Verified
Principal.VJEC

ജില്ലാ പട്ടികജാതി വികസന ആഫീസ്, സിവിൽ സ്റ്റേഷൻ പി.ഒ. കണ്ണൂർ.
ഫോൺ. നമ്പർ. 0497 2700596. ഇ-മെയിൽ.ddosckannur@yahoo.com

**അതീവ അടിയന്തിരം**

നമ്പർ.സി4/105/22 തീയ്യതി. 21.12.2022

ജില്ലാ പട്ടികജാതി വികസന ആഫീസർ.

എല്ലാ സ്ഥാപന മേധാവികൾക്കും.

സർ,

വിഷയം:- പട്ടികജാതി വികസനം - ഇ-ഗ്രാന്റ്സ്- അപ്രൂവൽ നൽകുന്ന അപേക്ഷകളിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന :- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01.12.2022-ലെ SCDD/10874/2021 B1 EDN B നമ്പർ കത്ത്.

--------

ഇ-ഗ്രാന്റ്സ് പോർട്ടലിൽ സ്കോളർഷിപ്പിനായി എൻട്രി വരുത്തുന്ന ഡേറ്റ അപ്രൂവലായി തുക വിതരണം ചെയ്തതിന് ശേഷം അതേ അധ്യയന വർഷം തന്നെ പോർട്ടലിലെ വിവരങ്ങൾ തിരുത്തുന്നതിനും സ്കോളർഷിപ്പ് തുക പുനക്രമീകരിക്കുന്നിനുമായി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. കോഴ്സ്, അക്കാഡമിക് വർഷം, കോഴ്സ് കാലാവധി, അക്കോമഡേഷൻ സ്റ്റാറ്റസ് എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് സോഫ്റ്റ് വെയർ സ്കോളർഷിപ്പ് നിർണ്ണയിക്കുന്നത്. സൈറ്റിൽ എന്റർ ചെയ്യുന്ന ഡേറ്റ അപ്രൂവൽ ലഭിക്കുന്നതു വരെ തിരുത്തുന്നതിന് പ്രയാസമില്ല. പക്ഷേ അപ്രൂവൽ ലഭിക്കുകയും, Payment Initiated ആവുകയും ചെയ്താൽ പിന്നീട് അതേ അധ്യയന വർഷം വിവരങ്ങൾ തിരുത്തുവാൻ ആവശ്യപ്പെടുന്നതും, ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന പേയ്മെന്റ് പുനർനിർണ്ണയിക്കലും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണ പ്രക്രിയ സങ്കീർണ്ണമാക്കുന്നതിന് കാരണമാകുന്നു.

സ്കോളർഷിപ്പിന് ആധാരമായ വിവരങ്ങൾ ഇ-ഗ്രാന്റ്സ് സൈറ്റിൽ എന്റർ ചെയ്യുന്നതിലും, പ്രസ്തുത വിവരങ്ങൾ യഥാവിധി പരിശോധിച്ച് ഉറപ്പു വരുത്തുന്നതിലും വിദ്യാർത്ഥികളുടെയും, സ്ഥാപനങ്ങളുടെയും ഭാഗത്ത് നിന്നുണ്ടാകുന്ന ശ്രദ്ധക്കുറവാണ് ഇത്തരം പ്രശ്നങ്ങൾക്ക് വലിയ അളവു വരെ കാരണമാകുന്നത്.

മേൽ സാഹചര്യത്തിൽ ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ പ്രവർത്തനം കൂടുതൽ സുഗമവും ലളിതവുമാക്കുന്നതിന്റെ ഭാഗമായി ഇ-ഗ്രാന്റ്സ് മുഖേനയുള്ള എൻട്രി അപ്രൂവൽ, പേയ്മെന്റ് കറക്ഷൻ എന്നിവയ്ക്ക് 2022-23 അധ്യയന വർഷം മുതൽ ചുവടെ പറയും പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപന മേധാവികളും, വിദ്യാർത്ഥികളും കർശനമായി പാലിക്കേണ്ടതാണ്.

Signature Not Verified

Principal.VJEC

1. ഇഗ്രാന്റ്സ് പോർട്ടൽ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ തലത്തിൽ അപ്രൂവൽ നൽകുന്നതു വരെ മാത്രമേ തിരുത്തുന്നതിന് അവസരമുണ്ടായിരിക്കുകയുള്ളൂ. അപേക്ഷ അപ്രൂവൽ ലഭിക്കുകയും, തുക വിതരണം നടത്തുകയും ചെയ്ത ശേഷം പിന്നീട് അതേ അധ്യയന വർഷം പോർട്ടലിലെ വിവരങ്ങൾക്ക് മാറ്റം വരുത്തുന്നതിന് അനുവാദം നൽകുന്നതല്ല.

2.കോഴ്സ് സംബന്ധിച്ച് വ്യക്തത വരുത്തിയതിന് ശേഷം മാത്രം ഇ-ഗ്രാന്റ്സ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുക, ഇ-ഗ്രാന്റ്സ് അപേക്ഷക്ക് നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ ഹയർ കോഴ്സുകളിലേക്ക് ഓപ്ഷൻ കിട്ടാൻ സാധ്യതയുള്ളവർ ആയത് ഉറപ്പു വരുത്തിയ ശേഷം മാത്രം അപേക്ഷ നൽകുക.

3.അക്കോമഡേഷൻ സ്റ്റാറ്റസ് (ഡേസ്കോളർ/ഹോസ്റ്റലർ) ഏതാണെന്ന് അന്തിമ തീരുമാനം എടുത്ത ശേഷം മാത്രം അപേക്ഷ സമർപ്പിക്കുക.

4.കോഴ്സിന്റെ പേര്, കോഴ്സ് കാലാവധി, അക്കാഡമിക് വർഷം എന്നിവ വിദ്യാർത്ഥികളും, സ്ഥാപനങ്ങളും കൃത്യമായി പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം അംഗീകാരത്തിനായി അയക്കുക.

5.അപ്രൂവലായി പേയ്മെന്റ് നൽകിയ അപേക്ഷകളിൽ അനിവാര്യമെന്ന് ബോധ്യപ്പെടുന്ന കാരണത്താൽ മാറ്റം അനുവദിക്കേണ്ടി വന്നാൽ മാറ്റം വന്നതു കാരണമായി വിദ്യാർത്ഥിക്ക് അർഹതപ്പെട്ട തുക ഡയറക്ടറുടെ അനുമതിയോടെ ജില്ലാ ഓഫീസ് മുഖേന മാന്വലായി മാറി നൽകുന്നതും, വിവരങ്ങൾ വിദ്യാർത്ഥിയുടെ പേജിൽ സൈറ്റിൽ രേഖപ്പെടുത്തുന്നതുമാണ്.

6.എന്നാൽ ഖണ്ഡിക (5) പ്രകാരമുള്ള മാറ്റങ്ങൾ അടുത്ത അക്കാഡമിക് വർഷം റിന്യൂവൽ സമയത്തു മാത്രമേ സൈറ്റിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

പ്രസ്തുത നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾ കർശനമായി പാലിക്കേണ്ടതും, സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ അവബോധം നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

അസി.ജില്ലാ പട്ടികജാതി വികസന ആഫീസർ,
കണ്ണൂർ

DIST. DEVELOPMENT OFFICE FOR SCHEDULED CASTES KANNUR

എസ്21122022

Signature Not Verified

Principal.VJEC